റാന്നി, പഴവങ്ങാടി, വടശ്ശേരിക്കര ശുദ്ധജല പദ്ധതികളുടെ ടെണ്ടർ നടപടികൾ

38 (1723) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി, പഴവങ്ങാടി, വടശ്ശേരിക്കര ശുദ്ധജല വിതരണ പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ; സമയബന്ധിതമായി പ്രസ്തുത ജോലി പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി ടെണ്ടർ ചെയ്യുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) റാന്നി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, റാന്നി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെയാണ് പ്രസ്തുത പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്. സെപ്റ്റംബർ അവസാനത്തോടുകൂടി എസ്റ്റിമേറ്റ് പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മണ്ണ് പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി നൽകുന്ന മുറയ്ക്ക് ടെണ്ടർ ചെയ്യുന്നതാണ്.

വടക്കേ വയനാട് നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നിർമ്മാണം

39 (1725) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കേ വയനാട് നിയോജകമണ്ഡലത്തിൽ ഏതെല്ലാം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നിർമ്മാണമാണ് ഇപ്പോൾ നടന്നുവരുന്നത് ;

(ബി) ഇവയുടെ നിർമ്മാണം ഏത് ഘട്ടത്തിലിരിക്കുന്നു എന്ന് പറയുമോ ;

(സി) ഇവയുടെ നിർമ്മാണത്തിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ഇ) നാളിതുവരെ പ്രസ്തുത പദ്ധതികളുടെ എത്ര ശതമാനം പണി വീതം പൂർത്തിയാക്കിയിട്ടുണ്ട് ;

(എഫ്) ഓരോ പദ്ധതിക്കുവേണ്ടിയും നാളിതുവരെ എന്തു തുക ചെലവഴിച്ചു ;

(ജി) ഇവ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ;

(എച്ച്) ഇവ കമ്മീഷൻ ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പുതുക്കിയ തീയതി എന്നാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) പ്രസ്തുത പുതുക്കിയ തീയതിക്കുള്ളിൽ തന്നെ പണി പൂർത്തിയാക്കാനായി ഒരു ആക്ഷൻ പ്ലാനുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വടക്കേ വയനാട് നിയോജകമണ്ഡലത്തിൽ താഴെ പറയുന്ന 6 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു.

1. കൂടൽ സ്റ്റേജ് (2)
2. കോട്ടക്കുന്ന് എൽ.ഐ. സ്കീം
3. കൊയിലേരി എൽ. ഐ. സ്കീം
4. മലങ്കര എൽ.ഐ. സ്കീം
5. കക്കടവ് എൽ.ഐ. സ്കീം
6. പായോട് എൽ.ഐ. സ്കീം

(ബി) കൂടൽ സ്റ്റേജ് (2) എൽ.ഐ. സ്കീം : പമ്പ് ഹൗസിന്റെ പണിയും വൈദ്യുതീകരണവും തീർന്നു. പമ്പും മോട്ടോറും സ്ഥാപിച്ച് പൈപ്പുലൈൻ ഇടേണ്ടതുണ്ട്.

2. കോട്ടക്കുന്ന് എൽ.ഐ.സ്കീം : പമ്പ് ഹൗസിന്റെ പണിയും വൈദ്യുതീകരണവും തീർന്നു. പമ്പും മോട്ടോറും സ്ഥാപിച്ച് പൈപ്പുലൈൻ ഇടേണ്ടതുണ്ട്.

3. കൊയിലേരി എൽ. ഐ. സ്കീം : പൈപ്പുലൈൻ പണി നടന്നു കൊണ്ടിരിക്കുന്നു.

4. മലങ്കര എൽ.ഐ. സ്കീം : വൈദ്യുതി കണക്ഷൻ ലഭിക്കേണ്ടതുണ്ട്. പൈപ്പുലൈൻ സ്ഥാപിക്കേണ്ടതുണ്ട്.

5. കക്കടവ് എൽ. ഐ. സ്കീം : പൈപ്പുലൈൻ പ്രവർത്തിക്കുവേണ്ടി ടെണ്ടർ വിളിച്ചു.

6. പായോട് എൽ. ഐ. സ്കീം : പമ്പ് ഹൗസിന്റെ പണി തീർന്നു. വൈദ്യുതി കണക്ഷന്റെ പണി പുരോഗമിക്കുന്നു.

(സി) ചില വർക്കുകൾക്ക് തടസ്സങ്ങൾ ഉണ്ടായിട്ടുണ്ട്.

(ഡി) കൂടൽ സ്റ്റേജ് (2) സ്കീം : പമ്പും മോട്ടോറും സ്ഥാപിച്ച് പൈപ്പ് ലൈൻ ഇടേണ്ട പ്രവർത്തിക്കുവേണ്ടി 16,65,000 രൂപയുടെ പ്രത്യേകാനുമതിക്ക് വേണ്ട നിർദ്ദേശങ്ങൾ പരിശോധിച്ചു വരുന്നു.

കോട്ടക്കുന്ന് എൽ.ഐ.സ്കീം : പമ്പും മോട്ടോറും സ്ഥാപിച്ച് പൈപ്പ് ലൈൻ ഇടേണ്ട പ്രവർത്തിയുടെ എസ്റ്റിമേറ്റിന് അനുമതിക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൊയിലേരി എൽ. ഐ. സ്കീം : ബാധകമല്ല.

മലങ്കര എൽ.ഐ. സ്കീം : പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തിയുടെ 7,10,000 രൂപയുടെ സബ് എസ്റ്റിമേറ്റിന് പ്രത്യേകാനുമതി നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചു വരുന്നു.

കക്കടവ് എൽ. ഐ. സ്കീം : ബാധകമല്ല.

പായോട് എൽ.ഐ.സ്കീം : പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു.

(ഇ) കൂടൽ സ്റ്റേജ് (2) -80%

കോട്ടക്കുന്ന് എൽ. ഐ. സ്കീം -83%

കൊയിലേരി എൽ. ഐ. സ്കീം -98%

മലങ്കര എൽ.ഐ.സ്കീം -80%

കക്കടവ് എൽ.ഐ.സ്കീം -85%

പായോട് എൽ.ഐ. സ്കീം -80%

(എഫ്) കൂടൽ സ്റ്റേജ് (2) 40,27,426 രൂപ

കോട്ടക്കുന്ന് എൽ.ഐ.സ്കീം -16,25,070 രൂപ

കൊയിലേരി എൽ. ഐ. സ്കീം -15,57,115 രൂപ

മലങ്കര എൽ.ഐ.സ്കീം -29,44,508 രൂപ

കക്കടവ് എൽ.ഐ.സ്കീം -69,70,954 രൂപ

പായോട് എൽ.ഐ. സ്കീം -62,78,885 രൂപ

(ജി) കൊയിലേരി എൽ.ഐ.സ്കീം, കക്കടവ് എൽ.ഐ.സ്കീം എന്നിവ മാർച്ച് 2004-ൽ കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

മറ്റുപദ്ധതികൾ - എസ്റ്റിമേറ്റിന് അനുമതി ലഭ്യമാക്കുന്നതനുസരിച്ച് കമ്മീഷൻ ചെയ്യുന്ന തീയതി തീരുമാനിക്കാവുന്നതാണ്.

(എച്ച്) കൊയിലേരി, കക്കടവ് എന്നീ എൽ.ഐ.സ്കീമുകൾ മാർച്ച് 2004-ന് കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു. മറ്റ് പദ്ധതികളുടെ കമ്മീഷൻ തീയതി പിന്നീട് തീരുമാനിക്കുന്നതാണ്.

(ഐ) കോട്ടക്കുന്ന് എൽ. ഐ. സ്കീം ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റു പദ്ധതികൾ ആക്ഷൻ പ്ലാൻ 2003-2004 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly